**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6360** **10-07-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 മുതൽ 2023-24 വരെ അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി നഗരസഭയിലും അയ്യമ്പുഴ, മലയാറ്റൂർ, മഞ്ഞപ്ര, മൂക്കന്നൂർ, പാറക്കടവ്, കാലടി, തുറവൂർ, കറുകുറ്റി എന്നീ പഞ്ചായത്തുകളിലും ശുദ്ധജല വിതരണത്തിനായി അനുവദിച്ച വിവിധ പദ്ധതികളും അവയുടെ തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് തല വിവരങ്ങളും കണക്ഷൻ പുരോഗതിയും അനുബന്ധം 1 ആയി ചേർക്കുന്നു. 2016-17 മുതൽ 2023-24 വരെ അങ്കമാലി നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണത്തിനായി അനുവദിച്ച മറ്റു വിവിധ പദ്ധതികളും അവയുടെ തുകയും അവയുടെ പ്രവർത്തന പുരോഗതിയും അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | അങ്കമാലി നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | അങ്കമാലി നിയോജകമണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതികൾ ഒന്നും തന്നെയില്ല |
| (സി) | പ്രസ്തുത മണ്ഡലത്തിൽ 2024-25 വർഷം ഭരണാനുമതിക്കായി ഏതെല്ലാം പദ്ധതികളാണ് വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | 2024-25 വർഷം അനുമതിക്കായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തി "AMRUT 2.0" - അങ്കമാലി മുനിസിപ്പാലിറ്റി - വെള്ളിലപ്പൊങ്ങ് പീച്ചാനിക്കാട് പ്രദേശം ഉൾപ്പെടെ അങ്കമാലി മുൻസിപ്പാലിറ്റിയുടെ പടിഞ്ഞാറൻ ഭാഗങ്ങളിൽ ജലവിതരണം മെച്ചപ്പെടുത്തുന്ന പ്രവൃത്തി - ടിവി റോഡിൽ നിന്ന് വെള്ളിലപ്പൊങ്ങിലേക്ക് 200 എം.എം. ഡി.ഐ. ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 675 ലക്ഷം രൂപയുടെ പ്രൊപ്പോസൽ മുൻസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>STATE PLAN 2024-25 ൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തി State Plan - 2024-25 - RWSS പാറക്കടവ് - മൂഴിക്കുളം പമ്പ് ഹൗസിലെ കിണർ വൃത്തിയാക്കൽ - 2 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| പഞ്ചായത്ത് | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|
| അയ്യമ്പുഴ | 2535 | 1584.16 | 956 | 1579 |
| കാലടി | 5771 | 3019.00 | 1641 | 4130 |
| കറുകുറ്റി | 6411 | 3306.99 | 4922 | 672 |
| മലയാറ്റൂർ നീലേശ്വരം | 5762 | 2770.84 | 1784 | 3978 |
| മഞ്ഞപ്ര | 3060 | 1684.82 | 594 | 2466 |
| മൂക്കന്നൂർ | 4570 | 2705.78 | 4269 | -399 |
| പാറക്കടവ് | 8488 | 5732.81 | 488 | 8000 |
| തുറവൂർ | 4775 | 2032.56 | 593 | 4182 |
| ആകെ | 41372 | 22836.96 | 15247 | 24608 |

## അനുബന്ധം 2

| ക്രമ നമ്പർ | പദ്ധതികൾ | ഭരണാനുമതി തുക (ലക്ഷം) | പ്രവൃത്തികളുടെ പുരോഗതി | | | |
|---|---|---|---|---|---|---|
| | | | പൂർത്തികരിച്ചവ | പുരോഗമിച്ചു കൊണ്ടിരിക്കുന്നവ | ടെണ്ടറിംഗ് സ്റ്റേജ് | ഉപേക്ഷിച്ചവ |
| 1 | അമൃത് | 496.1 | 0 | 1 | 0 | 0 |
| 2 | സ്റ്റേറ്റ് പ്ലാൻ | 308.18 | 16 | 3 | 0 | 2 |
| 3 | ഡെപ്പോസിറ്റ് വർക്ക് | 1162.61 | 74 | 5 | 1 | 0 |
| 4 | MLA-SDF/ADS | 18.35 | 6 | 0 | 0 | 0 |
| 5 | MPLADS | 22 | 3 | 0 | 0 | 0 |
| 6 | കിഫ്ബി | 11593.6 | 0 | 0 | 2 | 0 |
| | ആകെ | 13600.84 | 99 | 9 | 3 | 2 |